(ഇ) സർക്കാർ ഗസറ്റുകൾ പ്രസിദ്ധീകരിക്കുന്നതിനും അവ അയയ്ക്കുന്നതിനും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഗസറ്റുകൾ പ്രസിദ്ധീകരിക്കുന്നതിനു മാത്രമായി തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസിൽ ഒരു പ്രത്യേക സെക്ഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(3) വൈകികിട്ടിയ ഉത്തരങ്ങൾ

കൃത്രിമരേഖയുണ്ടാക്കി തടി മോഷണം നടത്തുന്ന സംഭവം

96 (769) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലുകൊല്ലക്കാലത്ത് ഏതൊക്കെ ഫോറസ്റ്റ് റേഞ്ച് അതിർത്തിയിൽ നിന്നും എത്ര ക്യൂബിക് അടി തടി ചിതലുതിന്നും വെള്ളപ്പൊക്കത്തിൽപ്പെട്ടും നശിച്ച് പോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കാലങ്ങളായി വനംവകുപ്പ് ഉദ്യോഗസ്ഥരും തടി ലേലം വിളിക്കാരും ഗൂഢാലോചന നടത്തി തടികൾ ചിതലുതിന്നു എന്ന പേരിലും വെള്ളപൊക്കത്തിൽ ഒലിച്ചുപോയി എന്നപേരിലും രേഖകളുണ്ടാക്കി തടി മോഷണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ)

1. നിലംബൂർ സൗത്ത് ഡിവിഷൻ കാളികാവ് റെയിഞ്ചിൽ നിന്നും 288 കഷണം മുളകളും.
2. നിലംബൂർ നോർത്ത് ഡിവിഷനിൽ നിലംബൂർ റെയിഞ്ചിൽ നിന്നും 3 ക്യൂ.മി. തൊണ്ടിത്തടികളും.
3. തൃശൂർ ഡിവിഷൻ മച്ചാട് റെയിഞ്ചിൽ നിന്നും 2 ക്യൂ.മി തടിയും പട്ടിക്കാട് റെയിഞ്ചിൽ നിന്ന് 1.3 ക്യൂ.മീ തടിയും വടക്കാഞ്ചേരി റെയിഞ്ചിൽ നിന്നും 0.7 ക്യൂ.മീ തടിയും.
4. വയനാട് സൗത്ത് ഡിവിഷൻ കൽപ്പറ്റ റെയിഞ്ചിൽ നിന്നും 0.38 ക്യൂ.മീ വെള്ളമരവും വെള്ളപ്പൊക്കത്തിലും ചിതൽ തിന്നും നശിച്ചുപോയിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നെയ്യാർ ഡാമിലെ ചീങ്കണ്ണി സർവ്വേ

97 (772) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ ജലസംഭരണിയിൽ എത്ര പ്രാവശ്യം ചീങ്കണ്ണി സർവ്വേ നടത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏറ്റവും ഒടുവിൽ നടത്തിയ സർവ്വേയ്ക്ക് എന്തു തുക ചെലവായി ;

(സി) ചീങ്കണ്ണിയുടെ ഉപദ്രവം നേരിടുന്ന സ്ഥലങ്ങളിലെ താമസക്കാരുടെ അഭിപ്രായം ഏറ്റവും ഒടുവിൽ നടത്തിയ സർവ്വേയിൽ ആരാഞ്ഞിട്ടുണ്ടോ ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഇതിനു മുൻപ് ഇവരുടെ അഭിപ്രായം ആരായാറുണ്ടായിരുന്നോ ;

(ഇ) ജനങ്ങൾ കുളിക്കുന്ന സ്നാനഘട്ടങ്ങളിൽ ഇരുമ്പു വലകൊണ്ടുള്ള സംരക്ഷണ ഫെൻസിംഗ് നിർമ്മിച്ച് ജനങ്ങളെ ചീങ്കണ്ണി ശല്യത്തിൽ നിന്ന് രക്ഷിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. നെയ്യാർ ജലസംഭരണിയിൽ ചീങ്കണ്ണി സർവ്വേ നടത്തുന്നതിനും തദ്ദേശവാസികൾക്ക് ചീങ്കണ്ണികളിൽ നിന്ന് ഉണ്ടാകുന്ന ഉപദ്രവങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കെ. എഫ്. ആർ. ഐ. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) സർവ്വേയ്ക്ക് തദ്ദേശവാസികളുടെ അഭിപ്രായം ആവശ്യമെങ്കിൽ കണക്കിലെടുക്കുന്നതാണ്.

(ഇ) പരിഗണിക്കുന്നതാണ്.

വംശനാശം നേരിടുന്ന കാട്ടുമൃഗങ്ങളും പക്ഷികളും സസ്യങ്ങളും

98 (776) ശ്രീമതി രാധാരാഘവൻ :

ശ്രീ. ജോർജ് ജെ മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വംശനാശം നേരിടുന്ന ഏതെല്ലാം കാട്ടുമൃഗങ്ങളും പക്ഷികളും സസ്യങ്ങളുമുണ്ട് ;

(ബി) ഇവയെ സംരക്ഷിക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട് ;

(സി) ഇവയുടെ സംരക്ഷണത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നോ വേൾഡ് വൈൽഡ് ലൈഫ് സംഘടനയിൽ നിന്നോ സഹായം ലഭിക്കുന്നുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നാച്ചർ ആന്റ് നാച്ചുറൽ റിസോഴ്സസ് (IUCN) ന്റെ റെഡ് ഡേറ്റാബുക്കിൽ ഉൾപ്പെട്ടിട്ടുള്ളതും, CITES (കൺവൻഷൻ ഓൺ ഇന്റർ നാഷണൽ ട്രേഡ് ഓൺ എൻഡേൻജേഡ് സ്പീഷിസ് ഓഫ് ഫ്ളോറ ആന്റ് ഫോണ) പട്ടികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 1972-ലെ വന്യജീവി (സംരക്ഷണ) നിയമം അനുസരിച്ച് സംരക്ഷിക്കുന്നതും കേരളത്തിൽ കാണപ്പെടുന്നതും വംശനാശം നേരിടുന്നതുമായ പ്രധാന വന്യജീവികൾ താഴെപ്പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly